**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 387** — **01-02-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തി കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കുണ്ടറ, ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തി കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ കണ്ടെത്തി നൽകണമെന്നുള്ള ആവശ്യം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തുന്നതിന് 12.01.2023 തീയതിയിലെ 5(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് പുറമേ രണ്ട് അംഗങ്ങളെ കൂടി ഉൾപ്പെടുത്തി സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുണ്ടറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.01.2023 തീയതിയിലെ 23(1) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റേഷന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ